**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **17-03-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് വ്യവസായ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ജലം, റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഡവലപ്പർക്ക് സഹായം നല്കുന്നതിനും അതിർത്തി വരെ വൈദ്യുതി എത്തിക്കുന്നതിനും രണ്ടു കോടി രൂപാ വരെ സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിൽ സ്ഥാപിക്കുന്ന വ്യവസായ എസ്റ്റേറ്റുകളെ സർക്കാർ വ്യവസായ മേഖലയായി പ്രഖ്യാപിക്കുകയും കൂടാതെ ഏകജാലക സംവിധാനം ഉൾപ്പെടെയുള്ള സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യും. |
| (ബി) | സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഇത് സംബന്ധിച്ച മാനദണ്ഡങ്ങളും നിബന്ധനകളും നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലില്ല. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 20/06/2017-ലെ സ.ഉ.(എം.എസ്) നമ്പർ 47/2017/ഐഡി, 14/08/2018-ലെ സ.ഉ.(എം.എസ്.) നമ്പർ 64/2018/ഐഡി എന്നീ ഉത്തരവുകൾ പ്രകാരം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ